# കേരള പാഠ്യപദ്ധതി ചട്ടക്കൂട് അവലോകനവും പഠനസാമഗ്രികൾ മെച്ചപ്പെടുത്തലും

## പഠനഗ്രൂപ്പിലെ അധ്യാപകർക്കുള്ള മാർഗ്ഗരേഖ

1. 2017 ജനുവരി 15 മുതൽ ഫെബ്രുവരി 10 വരെ പഠിപ്പിക്കാനുള്ള പാഠഭാഗങ്ങൾ ആണ് പഠനത്തിന് തിരഞ്ഞെടുക്കേണ്ടത്. ഈ ഭാഗങ്ങളുടെ വിനിമയപാഠം തയാറാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. വിനിമയം ചെയ്യുന്നതിനുള്ള പഠന സഹായ സാമഗ്രികൾ തയാറാക്കേണ്ടതാണ്. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ വിനിമയത്തിൽ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

3. വിനിമയപാഠവും ഇതര ഗവേഷണ പ്രവർത്തനങ്ങളും സ്കൂൾ എസ്.ആർ.ജി.യിൽ ചർച്ച ചെയ്യേണ്ടതാണ്.

4. പ്രഥമാധ്യാപകർ, സഹഅധ്യാപകർ എന്നിവർക്ക് ക്ലാസുകൾ നിരീക്ഷണ പത്രികയുടെ അടിസ്ഥാനത്തിൽ വിലയിരുത്താനുള്ള അവസരം ഒരുക്കുന്നത് ഉചിതമായിരിക്കും.

5. ക്ലാസുകളെക്കുറിച്ചുള്ള സ്വയം വിലയിരുത്തലും ആവശ്യമായ മെച്ചപ്പെടുത്തലും ഉറപ്പ് വരുത്തണം.

6. കുട്ടികളുടെയും, രക്ഷകർത്താക്കളുടെയും ഫോക്കസ് ഗ്രൂപ്പുകൾ പ്രത്യേകമായി വിളിച്ചുചേർത്ത് ചർച്ച ചെയ്ത് ടൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

7. അധ്യാപകർക്ക് ചോദ്യാവലി നൽകി അഭിപ്രായങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

8. വിനിമയപാഠം-പ്രായോഗിക പഠനത്തിന്റെ ക്രോഡീകരണം നിശ്ചിതഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

9. ഗവേഷണത്തിൽ പങ്കെടുത്തവർ എസ്.സി.ഇ.ആർ.ടി സംഘടിപ്പിക്കുന്ന തുടർശില്പശാലകളിൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്. ശേഖരിച്ച വിവരങ്ങൾ തുടർപ്രവർത്തനങ്ങൾക്കായി എസ്.സി.ഇ.ആർ.ടി.യിൽ ലഭ്യമാക്കേണ്ടതാണ്.

10. 10, 12 ക്ലാസുകളിൽ പാഠഭാഗം പഠിപ്പിച്ചു കഴിഞ്ഞെങ്കിൽ റിവിഷന്റെ ഭാഗമായി കൂടുതൽ കൃത്യത വരുത്തേണ്ട ആശയങ്ങൾ കേന്ദ്രീകരിച്ച് വിനിമയപാഠം തയാറാക്കേണ്ടതാണ്.